# സമ്മതിദായക ദിനം ആഘോഷിച്ചു

കാക്കനാട് ● വോട്ടർമാരുടെ അവകാശവും അധികാരവും ഉയർത്തിക്കാട്ടി ദേശീയ സമ്മതിദായക ദിനം ആഘോഷിച്ചു. കേരളത്തിന്റെ ഇലക്ഷൻ സ്വീപ് ഐക്കൺ ആയ നടൻ ടൊവിനോ തോമസ് സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു.

ഒരു വോട്ടും പാഴാക്കാതിരിക്കുമ്പോഴാണ് ജനാധിപത്യം അർഥപൂർണമാകുന്നതെന്ന് ടൊവിനോ പറഞ്ഞു. സദസ്സിന് സമ്മതിദായക പ്രതിജ്ഞ ടൊവിനോ ചൊല്ലിക്കൊടുത്തു.

സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫിസർ സഞ്ജയ് കൗൾ അധ്യക്ഷത വഹിച്ചു. വോട്ടു ചെയ്യാതിരിക്കുന്നതിൽ കൂടുതലും യുവാക്കളാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നതായി അദ്ദേഹം പറഞ്ഞു. 30 വയസ്സു വരെയുള്ളവരുടെ വോട്ടിങ് ശതമാനമാണ് കുറയുന്നത്.

നവാഗത വോട്ടർമാരുടെ തിരിച്ചറിയൽ കാർഡുകൾ കലക്ടർ എൻ.എസ്.കെ.ഉമേഷ് വിതരണം ചെയ്തു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ രാജീവ് കുമാറിന്റെ വിഡിയോ സന്ദേശം ചടങ്ങിൽ പ്രദർശിപ്പിച്ചു.

ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തി മികച്ച ജില്ലാ ഇലക്ഷൻ ഓഫിസർമാരായി തിരഞ്ഞെടുക്കപ്പെട്ട കലക്ടർമാരായ കൃഷ്ണ തേജ (തൃശൂർ), വി.ആർ.വിനോദ് (മലപ്പുറം), സ്നേഹിൽ കുമാർ സിങ് (കോഴിക്കോട്) എന്നിവർക്കുള്ള പുരസ്കാരം ചടങ്ങിൽ വിതരണം ചെയ്തു.



ദേശീയ സമ്മതിദായക ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തൃക്കാക്കരയിൽ ഇലക്ഷൻ സ്വീപ് ഐക്കൺ ആയ നടൻ ടൊവിനോ തോമസ് നിർവഹിക്കുന്നു. കലക്ടർ എൻ.എസ്.കെ.ഉമേഷ്, ഭാരതമാതാ കോളജ് ഡയറക്ടർ ഫാ.ഏബ്രഹാം ഓലിയപ്പുറത്ത്, മലപ്പുറം കലക്ടർ വി.ആർ.വിനോദ്, മുഖ്യ തിരഞ്ഞെടുപ്പ് ഓഫിസർ സഞ്ജയ് കൗൾ തുടങ്ങിയവർ സമീപം.

മികച്ച ബൂത്ത് ലെവൽ ഓഫിസർമാർക്കുള്ള പുരസ്കാരം വിജി വർഗീസ്, ടി.ധന്യാമോൾ എന്നിവരും മികച്ച ഇലക്ട്രൽ ലിറ്ററസി ക്ലബ് പുരസ്കാരം പാലക്കാട് അഗളി വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂൾ ക്ലബ്ബും ജില്ലാ ഇലക്ട്രൽ ലിറ്ററസി ക്ലബ് കോ-ഓർഡിനേറ്റർക്കുള്ള പുരസ്കാരം പാമ്പാടി കുര്യാക്കോസ് ഗ്രിഗോറിയസ് കോളജ് അസിസ്റ്റന്റ് പ്രഫസർ വിപിൻ കെ.വർഗീസും ഏറ്റുവാങ്ങി.

അഡീഷനൽ ചീഫ് ഇലക്ട്രൽ ഓഫിസർ സി.ഷർമിള, ഭാരതമാതാ കോളജ് മാനേജർ ഫാ.ഏബ്രഹാം ഓലിയപ്പുറത്ത്, പ്രിൻസിപ്പൽ ഡോ.കെ.എം.ജോൺസൺ തുടങ്ങിയവർ പ്രസംഗിച്ചു.